**സബ്മിഷൻ**

(1) ആദിവാസി കുടുംബങ്ങളുടെ പുനരധിവാസം

പ്രതിപക്ഷനേതാവ് (ശ്രീ. വി. ഡി. സതീശൻ): സർ, വളരെ ഗൗരവതരമായൊരു വിഷയം ഈ സഭയുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്. തൃശ്ശൂർ ജില്ലയിലെ മലക്കപ്പാറ അരേക്കാപ്പ് കോളനിയിൽ താമസിച്ചിരുന്ന പന്ത്രണ്ട് ആദിവാസി കുടുംബങ്ങൾ നെല്ല്, കുരുമുളക്, കാപ്പി, അടയ്ക്ക എന്നിവയെല്ലാം കൃഷി ചെയ്ത് വളരെ സന്തോഷത്തോടെ, സൗകര്യത്തോടെ ജീവിച്ചിരുന്നവരാണ്. 2018-ലെ മഹാപ്രളയത്തിനുശേഷം അവരുടെ കൃഷി മുഴുവൻ നശിച്ചുപോയി. തുടർച്ചയായുണ്ടായ മണ്ണിടിച്ചിലും നിരന്തരമായുണ്ടാകുന്ന കാട്ടുമൃഗശല്യങ്ങളും കാരണം ആ പാവങ്ങൾക്ക് മുഴുവൻ ഊരിൽ ജീവിക്കാൻ കഴിയാത്ത സ്ഥിതിയായി. അവരെല്ലാം സാധാരണ ഈറ്റക്കുടിലിലാണ് താമസിച്ചിരുന്നത്. ഒരു നിവൃത്തിയുമില്ലാത്ത, സ്വയം അധ്വാനിച്ച് കൃഷിചെയ്ത് ജീവിച്ചിരുന്ന ആളുകളാണിവർ. അവരുടെ ജീവൻ അപകടത്തിലായപ്പോൾ, ഉപജീവനമാർഗ്ഗങ്ങളെല്ലാം നിലച്ചുപോയപ്പോൾ അവർ അവിടെ നിന്ന് ഉള്ളതെല്ലാം വാരിക്കെട്ടി ഈറ്റകൊണ്ട് ചങ്ങാടങ്ങളുണ്ടാക്കി മലക്കപ്പാറയിൽനിന്നും 28 കിലോമീറ്റർ ഡാമിലൂടെ യാത്ര ചെയ്ത് ഇടമലയാർ വൈശാലി ഗുഹയിലെത്തി. വൈശാലി

ഗുഹയിലെത്താൻകാരണം ഇടമലയാർ ഡാമിനുവേണ്ടി സ്ഥലം എടുക്കുന്നതിനുമുമ്പ് അവരുടെ പൂർവ്വികർ താമസിച്ചിരുന്ന സ്ഥലമാണത്. അവിടെ കൃഷിചെയ്ത് ജീവിക്കാൻ കഴിയുന്ന സാഹചര്യമാണുള്ളത്. ഈ പന്ത്രണ്ട് കുടുംബങ്ങളിൽ 13 കുട്ടികളും 11 സ്ത്രീകളും ഉൾപ്പെടെയുള്ള 39 പേരാണുള്ളത്. പക്ഷേ അവിടെ വന്ന അന്നുതന്നെ ഫോറസ്റ്റ് ഡിപ്പാർട്ട്മെന്റ് അവരെ അവിടെനിന്ന് ഇടമലയാറിലെ ട്രൈബൽ ഹോസ്റ്റലിലേയ്ക്ക് മാറ്റി. അവിടെ യാതൊരു സൗകര്യവുമില്ല, ഞാൻ നേരിട്ട് പോയി കണ്ടതാണ്. യഥാർത്ഥത്തിൽ കുടിവെള്ളം പോലുമില്ല. ഭക്ഷണത്തിന് അവർ പ്രയാസപ്പെടുകയാണ്. കുട്ടികൾക്ക് പഠിക്കാൻ ഓൺലൈൻ സൗകര്യമോ യാതൊന്നുമില്ല. കുട്ടികളെ സ്കൂളിൽ ചേർക്കാൻപോലും കഴിയാത്ത സാഹചര്യം. പുലി ഉൾപ്പെടെയുള്ള കാട്ടുമൃഗങ്ങൾ അവരുടെ മുമ്പിൽ നിന്നാണ് വീട്ടുമൃഗങ്ങളെ പിടിച്ചുകൊണ്ട് പോയത്. ഊരുവിലക്കിന് വിധേയയായൊരു സ്ത്രീയും അവരുടെ രണ്ടുമക്കളും അവരുടെ കൂട്ടത്തിലുണ്ട്. അവർക്ക് റേഷൻ കാർഡ് പോലുമില്ലാത്ത സ്ഥിതിയാണ്. അവരെ പുനരധിവസിപ്പിക്കാനുള്ള അടിയന്തര നടപടികൾ സ്വീകരിക്കണമെന്നാണ് എനിക്ക് ബഹുമാനപ്പെട്ട വകുപ്പുമന്ത്രി മുമ്പാകെ പറയാനുള്ളത്. അവിടെ വേറൊരു പ്രശ്നം കൂടിയുണ്ട്.

അവിടെയുള്ള പന്തപ്ര കോളനിയിൽ 219 ഏക്കർ സ്ഥലം നേരത്തെ കൊടുത്തിട്ടുണ്ട്. 60 ആദിവാസി കുടുംബങ്ങൾ അവിടെ താമസിക്കുന്നുണ്ട്. പക്ഷേ അവിടെ മുഴുവൻ തേക്ക് മരങ്ങളാണ്. അവർക്ക് കൃഷിചെയ്യാൻ സാധിക്കില്ല. ആ തേക്ക് വെട്ടിമാറ്റി കൊടുക്കാനുള്ള തീരുമാനം നടപ്പിലാക്കിയിട്ടില്ല. കൃഷിചെയ്തില്ലെങ്കിൽ അവർ പട്ടിണിയാണ്. അവർക്ക് വേറൊരു പണിയും അറിയില്ല. ഇപ്പോൾ വന്നിരിക്കുന്ന കുടുംബങ്ങളടക്കം അവിടെയുള്ളവർ കൃഷിചെയ്തും മീൻപിടിച്ചും ജീവിക്കാൻ അറിയാവുന്നവരാണ്. വൈശാലി ഗുഹയ്ക്കടുത്തുതന്നെ മറ്റുചില കോളനികളുണ്ട്. അതുപോലെ ഒരു സെറ്റിൽമെന്റ് ആ കോളനികൾക്കടുത്ത് ഉണ്ടാക്കികൊടുത്താൽ അവർക്ക് മീൻ പിടിച്ചും കൃഷിചെയ്തും ജീവിക്കാൻ പറ്റുന്നൊരു സാഹചര്യമുണ്ടാകുമെന്നാണ് അവരുടെ ആവശ്യം. ഇത് മാനുഷികമായ പ്രശ്നമാണ്. സ്വന്തം ഊരും ആവാസവ്യവസ്ഥയും ഉപേക്ഷിച്ച് ജീവിക്കാൻ നിവൃത്തിയില്ലാതെ ജീവൻ അപകടത്തിലായി പലായനം ചെയ്യപ്പെട്ട ഈ കുടുംബങ്ങളെ ഹൃദയത്തോട് ചേർത്ത് നിർത്തികൊണ്ട് അവരെ പുനരധിവസിപ്പിക്കാൻ സംവിധാനമുണ്ടാക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു.

പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ - ദേവസ്വം വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ): സർ, ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് ഇവിടെ ഉന്നയിച്ച സബ്മിഷൻ ഏറ്റവും പ്രധാനപ്പെട്ട ഒരു കാര്യമാണ്. തൃശ്ശൂർ ജില്ലയിലെ ചാലക്കുടി താലൂക്കിൽ അതിരപ്പിള്ളി ഗ്രാമപ്പഞ്ചായത്തിലെ അരേക്കാപ്പ് പട്ടികവർഗ്ഗ സങ്കേതത്തിൽ നിന്നുള്ള കുടുംബങ്ങളാണ് പുറത്തുവന്നിരിക്കുന്നത്. വനാവകാശ നിയമപ്രകാരം നേരത്തെ 38 കുടുംബങ്ങൾക്ക് 58.96 ഹെക്ടർ ഭൂമിക്ക് കൈവശരേഖ നൽകിയിട്ടുണ്ട്. അതിൽ 10 കുടുംബങ്ങളും നേരത്തെ പ്രതിപക്ഷനേതാവ് പറഞ്ഞ ഊരുവിലക്കിയ ഒരു കുടുംബവും അടക്കം 43 പേർ ഉൾപ്പെടുന്ന 11 കുടുംബങ്ങളാണുള്ളത്. അവർ 06-07-2021-നാണ് എറണാകുളം ജില്ലയിലെ ഇടമലയാർ ഡാമിന് സമീപമുള്ള വനം കയ്യേറി കുടിൽ കെട്ടുവാൻ ശ്രമിച്ചത്. വനം വകുപ്പ് ഈ ശ്രമം തടയുകയും തുടർന്ന് നേരം വളരെ വൈകിയതുകൊണ്ട് അവർക്ക് തിരിച്ചുപോകാൻ കഴിഞ്ഞില്ല. പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് പഠിക്കാനായി നിർമ്മിച്ച പ്രീമെട്രിക് ഹോസ്റ്റലിൽ താമസിക്കാനുള്ള സൗകര്യങ്ങൾ ചെയ്തുകൊടുത്തു. നിലവിൽ ഇവർ ഇടമലയാർ പ്രീമെട്രിക് ഹോസ്റ്റലിലാണ് താമസിച്ചുവരുന്നത്. മൂവാറ്റുപുഴ,

ചാലക്കുടി പട്ടികവർഗ്ഗ വികസന ഓഫീസർമാരും റവന്യൂ, വനം വകുപ്പുദ്യോഗസ്ഥരും അവരുമായി നിരന്തരം ബന്ധപ്പെട്ട് ആവശ്യമായ സൗകര്യങ്ങൾ ചെയ്തുകൊടുത്തുവരുന്നു. മൂവാറ്റുപുഴ ആർ.ഡി.ഒ.യുടെ നേതൃത്വത്തിൽ മൂവാറ്റുപുഴ പട്ടികവർഗ്ഗ വികസന ഓഫീസർ, ചാലക്കുടി പട്ടികവർഗ്ഗ വികസന ഓഫീസർ, കോതമംഗലം തഹസിൽദാർ, വനം, പോലീസ് ഉദ്യോഗസ്ഥർ എന്നിവരടങ്ങിയ സംഘം ഈ മാസം 22-ന് അവരുമായി സംസാരിക്കുകയും അവരുടെ ആവശ്യങ്ങൾ കൃത്യമായി മനസ്സിലാക്കുകയും ചെയ്തിരുന്നു. ഞാൻ തന്നെ നേരിട്ട് തൃശ്ശൂർ, എറണാകുളം ജില്ലാ കളക്ടർമാരുമായി സംസാരിച്ചിട്ടുണ്ട്. അരേക്കാപ്പ് കോളനിയിൽ നിലവിൽ താമസിച്ചുവരുന്ന 45 കുടുംബങ്ങളിൽ 10 കുടുംബങ്ങൾക്ക് മാത്രമാണ് വനാവകാശ നിയമപ്രകാരം ഏകദേശം നല്ല ഭൂമി കൈവശം ലഭിച്ചത്. 2018-ലെ വെള്ളപ്പൊക്കത്തിൽ ഭൂമിക്ക് കുറച്ച് നാശം സംഭവിക്കുകയും കൃഷി നശിക്കുകയും ചെയ്തിരുന്നു. അവർക്ക് ഒരു ഹെക്ടർ മുതൽ നാല് ഹെക്ടർ വരെ സ്ഥലം സ്വന്തമായി കൊടുത്തിട്ടുണ്ട്. കോതമംഗലം താലൂക്കിൽ താളംകണ്ടം വൈശാലിമേട് എന്ന സ്ഥലത്ത് അവരുടെ പൂർവ്വികർ താമസിച്ചിരുന്നതാണെങ്കിൽപ്പോലും അവിടെ 12

ഏക്കർ സ്ഥലമാണ് ആകെയുള്ളത്. അവിടെ നിന്നും മാറി താമസിക്കുന്ന 10 കുടുംബങ്ങൾക്കും ഒരു ഹെക്ടർ മുതൽ മൂന്ന് ഹെക്ടർ വരെ സ്ഥലം സ്വന്തമായി അരേക്കാപ്പിലുണ്ട്. എന്നാൽ, ഇവിടെ ആകെ 12 ഏക്കർ സ്ഥലമാണുള്ളത്. 12 ഏക്കർ സ്ഥലമെന്നത് വനത്തിനുള്ളിൽ തന്നെയാണ്. അങ്ങ് ഇവിടെ സൂചിപ്പിച്ചതുപോലെ പുലികളുൾപ്പെടെ വന്യമൃഗങ്ങൾ ആക്രമിക്കാൻ സാദ്ധ്യതയുള്ള സ്ഥലത്താണ് അവർ താമസിക്കുന്നത്. കയ്യേറിയ സ്ഥലം സ്ഥിരമായി അവർക്ക് താമസിക്കാൻ കഴിയുന്ന സ്ഥലമല്ലായെന്ന് കണ്ടെത്തിയിരുന്നു. അതുകൊണ്ടുതന്നെ അവരെ പുനരധിവസിപ്പിക്കാൻ വേണ്ടിയുള്ള പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്. ആ പദ്ധതി പ്രകാരം അവരെ അരേക്കാപ്പിലേക്കുതന്നെ കൊണ്ടുപോകാൻ വേണ്ടിയുള്ള ശ്രമം നടത്തി നോക്കാം. അവിടെ അവർക്ക് ഒരു ഹെക്ടർ മുതൽ മൂന്ന് ഹെക്ടർ വരെ സ്ഥലമുണ്ട്. അരേക്കാപ്പിൽ താമസിക്കുന്ന കുടുംബങ്ങൾ ഇപ്പോൾ നല്ലപോലെ കാപ്പിയും കുരുമുളകും അടയ്ക്കയുമൊക്കെ കൃഷി ചെയ്തുവരുന്നുണ്ട്. അവിടെ കൃഷി വർദ്ധിച്ചിട്ടുണ്ട്. നേരത്തെ വെള്ളപ്പൊക്കത്തിൽ നശിച്ചുപോയതാണെങ്കിൽപ്പോലും തുടർന്ന് കാപ്പി, കുരുമുളക്, അടയ്ക്ക എന്നിവയുടെ കൃഷി അവർ ആരംഭിച്ചിട്ടുണ്ട്. കുടിൽ കെട്ടി ഇപ്പോൾ

താമസിക്കാൻ എത്തിയ 11 കുടുംബങ്ങൾക്കും അവിടെത്തന്നെ താമസിക്കാനുള്ള സൗകര്യമുണ്ടാക്കി കൊടുക്കാൻ വേണ്ടിയാണ് ശ്രമിക്കുന്നത്.

പ്രതിപക്ഷനേതാവ് <u>(ശ്രീ. വി. ഡി. സതീശൻ):</u> അവിടെ മൂന്നേക്കർ സ്ഥലമൊക്കെയുണ്ട്. ഒരു നിവൃത്തിയുണ്ടെങ്കിൽ അവർ ഊര് വിട്ട് പോരുമോ? അവിടെ ജീവിക്കാൻ പറ്റാത്ത സാഹചര്യവും മണ്ണിടിച്ചിലും വെള്ളപ്പൊക്കവും കാട്ടുമൃഗങ്ങളുടെ ശല്യവുമാണ്. നിവൃത്തിയില്ലാത്തതുകൊണ്ടാണ് 28 കിലോമീറ്റർ യാത്ര ചെയ്ത് ഇവിടെ വന്നത്. അങ്ങോട്ട് പോകുന്ന കാര്യം ഞാൻ അവരോട് സംസാരിച്ചപ്പോൾ അവർക്കൊരു നിവൃത്തിയുമില്ല. ഭയമാണ് അവർക്ക് അങ്ങോട്ടുപോകാൻ.

<u>ശ്രീ. കെ. രാധാകൃഷ്ണൻ:</u> സർ, അരേക്കാപ്പിൽ 45 കുടുംബങ്ങളാണ് ആകെയുണ്ടായിരുന്നത്. അതിൽ 10 കുടുംബങ്ങളാണ് ഇപ്പോൾ മാറിവന്ന് കോതമംഗലത്ത് വന്ന് കുടിൽ കെട്ടി താമസിക്കാൻ വേണ്ടിയുള്ള ശ്രമം നടത്തിയത്. അവിടെ ഇപ്പോൾ താമസിച്ചുവരുന്നവർക്ക് അസൗകര്യങ്ങളുണ്ട്. അങ്ങ് ചൂണ്ടിക്കാണിച്ചത് ശരിയാണ്. നല്ല രീതിയിലുള്ള റോഡില്ല. അടിസ്ഥാന സൗകര്യങ്ങളിലുള്ള

അപര്യാപ്തതയൊക്കെയുണ്ട്. എന്തായാലും അവിടെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിച്ച് കൊടുക്കാനുള്ള നല്ല ഇടപെടൽ നടത്താൻ തീരുമാനിച്ചിട്ടുണ്ട്. അവിടെ മാത്രമല്ല പട്ടികവർഗ്ഗ വിഭാഗങ്ങളെ പുനരധിവസിപ്പിച്ച ഒരുപാട് പദ്ധതികളുണ്ട് നമ്മുടെ സംസ്ഥാനത്ത്. അത്തരം പദ്ധതികളിലെല്ലാം തന്നെ ചില പോരായ്മകൾ നിലനിൽക്കുന്നുണ്ട്. അത്തരം പദ്ധതികളെല്ലാം അതാത് പ്രദേശത്തുതന്നെ പരിഹരിക്കാൻ വേണ്ടിയുള്ള ഇടപെടൽ നടത്തേണ്ടതും പുനരധിവാസ പദ്ധതികളെല്ലാം തന്നെ കുറച്ചുകൂടി revamp ചെയ്യേണ്ടതുമുണ്ട്. അവർക്ക് അടിസ്ഥാന സൗകര്യങ്ങളുണ്ടാക്കി കൊടുക്കാനും അവരുടെ ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്താനുമെല്ലാം കാര്യങ്ങൾ ചെയ്തുകൊടുക്കേണ്ടതുണ്ട്. വനത്തിനുള്ളിൽ റിമോട്ട് ഏരിയകളിൽ ഒരുപാട് പ്രയാസങ്ങൾ അനുഭവിക്കുന്ന ആദിവാസികളുണ്ട്. വനാവകാശ നിയമമനുസരിച്ച് അത്തരം ആളുകൾക്കെല്ലാം ഭൂമികൊടുത്തുകൊണ്ട് ഇന്നുള്ളതിനേക്കാൾ മെച്ചപ്പെട്ട രീതിയിൽ അവർക്ക് ജീവിത സാഹചര്യമൊരുക്കി കൊടുക്കുവാൻ വേണ്ടിയാണ് തീരുമാനിച്ചിരിക്കുന്നത്. അരേക്കാപ്പിലുള്ള മുഴുവൻ കുട്ടികൾക്കും പഠിക്കാൻ പ്രീമെട്രിക് ഹോസ്റ്റലുണ്ട്. അതുപോലെ ചാലക്കുടി

മോഡൽ റെസിഡൻഷ്യൽ സ്കൂളുണ്ട്. അവിടെയെല്ലാം കുട്ടികളെ പഠിപ്പിക്കാനുള്ള ഇടപെടലും നടത്തിയിട്ടുണ്ട്. ഈ 10 കുടുംബങ്ങൾ ഇപ്പോൾ കുടിയേറിയ സ്ഥലത്താണ് താമസിക്കുന്നതെങ്കിൽ വലിയ ദുരന്തമാണ് ഉണ്ടാകുക. കാരണം വന്യമൃഗങ്ങളുടെ സങ്കേതമാണ്. തന്നെയുമല്ല, കുടിൽ കെട്ടി താമസിക്കുന്ന സ്ഥലത്തുനിന്നും 10 കിലോമീറ്റർ ദൂരം വന്നുകഴിഞ്ഞാൽ മാത്രമേ അവർക്ക് യാത്രാ സൗകര്യം ലഭിക്കുകയുള്ളൂ. അതുകൊണ്ട് അവരെ കൂടുതൽ നല്ല സ്ഥലത്തേയ്ക്ക് മാറ്റണമെന്ന അഭിപ്രായത്തോട് പൂർണ്ണമായും വകുപ്പിന് യോജിപ്പാണ്. തിരികെ അരേക്കാപ്പിലേയ്ക്ക് പോകാൻ അവർ വിസമ്മതിക്കുന്നുവെന്നാണ് മനസ്സിലാക്കുന്നത്. അവിടത്തെ കളക്ടറും, ബന്ധപ്പെട്ട ഉദ്യോഗസ്ഥരുമെല്ലാം ഇടപെട്ടുകൊണ്ട് ഇതിനേക്കാൾ അനുയോജ്യമായ സ്ഥലം കണ്ടുപിടിക്കാൻ കഴിയുമെന്നുള്ളത് പരിശോധിക്കാവുന്നതാണ്.

മി. സ്പീക്കർ: അംഗങ്ങൾ എല്ലാവരും കൂട്ടത്തോടെ എഴുന്നേറ്റ് നടക്കുന്ന ഒരു സ്ഥിതിയാണ് കാണുന്നത്. അവരവരുടെ സീറ്റുകളിൽ ഇരിക്കണം. അത്യാവശ്യം കാര്യങ്ങൾക്ക് മന്ത്രിമാരെ കാണുന്നത് മനസ്സിലാക്കാം.

## (2) തമിഴ് ഭാഷയിൽ ഓൺലൈൻ ക്ലാസ്സ്

ശ്രീ. എ. രാജ: സർ, കോവിഡ് മഹാമാരി കാലത്ത് കേരളത്തിൽ വിദ്യാർത്ഥികൾക്ക് ഡിജിറ്റൽ വിദ്യാഭ്യാസം നൽകുന്നതിന് സർക്കാർ ഏറ്റെടുത്തിട്ടുള്ള നടപടികളെ ഞാൻ അഭിനന്ദിക്കുന്നു. നിലവിൽ മലയാളം, ഇംഗ്ലീഷ് മീഡിയം വിദ്യാർത്ഥികൾക്ക് വിക്ടേഴ്സ് ചാനൽ മുഖേനയാണ് ക്ലാസ്സുകൾ സംഘടിപ്പിക്കുന്നത്. എന്നാൽ, സംസ്ഥാനത്ത് ഏഴ് ജില്ലകളിലായി 237 തമിഴ് മീഡിയം സ്കൂളുകളാണുള്ളത്. അതിൽ എന്റെ നിയോജകമണ്ഡലം ഉൾക്കൊള്ളുന്ന ഇടുക്കി ജില്ലയിൽ മാത്രം 129 തമിഴ് മീഡിയം സ്കൂളുകളാണ് നിലവിലുള്ളത്. കൈറ്റ് വിക്ടേഴ്സ് യൂട്യൂബ് ചാനൽ വഴിയാണ് നിലവിൽ ക്ലാസ്സുകളെല്ലാം അവർക്ക് ലഭിച്ചുകൊണ്ടിരിക്കുന്നത്. ആ സാഹചര്യത്തിൽ ലോക്കൽ ചാനലുകൾ മുഖേനയാണ് കൊടുക്കുന്നത്. ഈ ഡിവൈസ് ഇല്ലാത്തതിന്റെ അഭാവം, നെറ്റ്‌വർക്കിന്റെ പ്രശ്നം, ലോക്കൽ ചാനലുകൾ കിട്ടാത്തതിന്റെ വിഷയം തുടങ്ങിയവയെല്ലാം നിലനിൽക്കുന്നതുകൊണ്ട് അവർക്ക് പഠനത്തിന് ബുദ്ധിമുട്ടാണ്. തമിഴ് മീഡിയം പഠിക്കുന്ന വിദ്യാർത്ഥികൾക്ക് ക്ലാസ്സുകൾ ടി.വി. ചാനൽ മുഖാന്തരം

വിക്ടേഴ്സ് ചാനലിലൂടെ നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്ന് ഈ സബ്മിഷനിലൂടെ ആവശ്യപ്പെടുന്നു.

പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രിക്കുവേണ്ടി മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി (ശ്രീ. സജി ചെറിയാൻ): സർ, വളരെ പ്രധാനപ്പെട്ട ഒരു പ്രശ്നമാണ് ബഹുമാനപ്പെട്ട അംഗം ഉന്നയിച്ചിട്ടുള്ളത്. കോവിഡ്-19 ലോക്ക്ഡൗൺ പ്രതിസന്ധികൾ കാരണം സ്കൂളുകൾ തുറന്നുപ്രവർത്തിക്കാൻ കഴിയാതിരുന്നപ്പോഴാണ് പ്രത്യേക സർക്കാർ ഉത്തരവ് പ്രകാരം 'ഫസ്റ്റ് ബെൽ' എന്ന ഡിജിറ്റൽ സാങ്കേതിക സംവിധാനം പ്രയോജനപ്പെടുത്തിക്കൊണ്ടുള്ള ക്ലാസ്സുകൾ 2020 ജൂൺ ഒന്നുമുതൽ ആരംഭിച്ചത്. അതിനുശേഷം സംസ്ഥാനത്ത് ഒന്നുമുതൽ പന്ത്രണ്ട് വരെയുള്ള 42 ലക്ഷത്തിലധികം കുട്ടികൾക്ക് എല്ലാ വിഷയങ്ങളും ഒരു ചാനലിലൂടെ സംപ്രേഷണം ചെയ്യുകയെന്ന ഒരു നിലപാട് സ്വീകരിച്ചു. അത് പ്രായോഗികമല്ല. തിങ്കൾ മുതൽ വെള്ളിവരെയുള്ള ദിവസങ്ങളിൽ രാവിലെ എട്ടുമുതൽ വൈകുന്നേരം 6.30 വരെ സംപ്രേഷണം ചെയ്തിട്ടും എല്ലാ ക്ലാസ്സുകളിലെയും എല്ലാ വിഷയങ്ങളും ഉൾക്കൊള്ളിക്കാൻ കഴിയാത്തതിനാൽ ശനി, ഞായർ ദിവസങ്ങളിലും ഇപ്പോൾ ക്ലാസ്സുകൾ

സംപ്രേഷണം ചെയ്യുന്നുണ്ട്. എന്നാൽ തമിഴ്, കന്നട മാധ്യമങ്ങളിലുള്ള ക്ലാസ്സുകളും പതിനായിരത്തിൽ താഴെ കുട്ടികൾ പഠിക്കുന്ന സൈക്കോളജി, ജേർണലിസം പോലുള്ള വിഷയങ്ങളും കുട്ടികൾക്ക് ലഭ്യമാക്കുന്നതിന് പ്രാദേശിക സംവിധാനങ്ങളും സമൂഹമാധ്യമങ്ങളുടെ സൗകര്യങ്ങളുമാണ് ഇപ്പോൾ പ്രയോജനപ്പെടുത്തിക്കൊണ്ടിരിക്കുന്നത്. പൊതുവിദ്യാലയങ്ങളിൽ എല്ലാ കുട്ടികൾക്കും ഡിജിറ്റൽ/ഓൺലൈൻ സൗകര്യങ്ങൾ ഉറപ്പാക്കുന്നതിന്റെ ഭാഗമായി തമിഴ്, കന്നട മാധ്യമങ്ങളിൽ പഠിക്കുന്ന കുട്ടികൾക്ക് ക്ലാസ്സുകൾ ലഭ്യമാക്കുന്നതിനായി പ്രാദേശിക ടെലിവിഷൻ കേബിൾ നെറ്റ്‌വർക്ക് അധികൃതരുമായി ചർച്ച നടത്തി ധാരണയിലെത്തിയിട്ടുണ്ട്. മുമ്പ് അത് ഞാൻ വിശദീകരിച്ചതാണ്. ഇതുകൂടാതെ, തമിഴ് മീഡിയം ക്ലാസ്സുകൾക്കും, കന്നട മീഡിയം ക്ലാസ്സുകൾക്കും പ്രത്യേകം യൂട്യൂബ് ചാനലുകളുണ്ട്. കേരള ഇൻഫ്രാസ്ട്രക്ചർ ആന്റ് ടെക്നോളജി ഫോർ എഡ്യൂക്കേഷൻ ഡിജിറ്റൽ ക്ലാസ്സുകൾക്ക് പ്രത്യേക പോർട്ടൽ സജ്ജീകരിച്ചിട്ടുണ്ട്. പ്രസ്തുത പോർട്ടലിൽ തമിഴ്, കന്നട മാധ്യമങ്ങളുൾപ്പെടെ എല്ലാ ക്ലാസ്സുകളും ലഭ്യമാക്കിയിട്ടുണ്ട്. ഡിജിറ്റൽ ക്ലാസ്സുകൾക്കൊപ്പം ഓൺലൈൻ ക്ലാസ്സുകളും ഈ വർഷം നടത്തുന്നതിന്

സർക്കാർ തീരുമാനിച്ചിരിക്കുകയാണ്. അദ്ധ്യാപകർ തന്നെ അവരവരുടെ വിദ്യാർത്ഥികളെ ഓൺലൈൻ സൗകര്യങ്ങൾ പ്രയോജനപ്പെടുത്തിക്കൊണ്ട് ഇന്റർനെറ്റ് സംവിധാനത്തിലൂടെ നേരിട്ട് വിനിമയം ചെയ്യുന്നതിനുള്ള സൗകര്യങ്ങളാണ് ഇതിനായി ഒരുക്കിയിട്ടുള്ളത്. ഓൺലൈൻ ക്ലാസ്സുകളിലൂടെ തമിഴ്, കന്നട മാധ്യമങ്ങൾ ഉൾപ്പെടെയുള്ള എല്ലാ കുട്ടികൾക്കും അവരവരുടെ അദ്ധ്യാപകരിൽനിന്നും നേരിട്ട് ക്ലാസ്സുകൾ ലഭ്യമാകുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇക്കാര്യത്തിൽ ഗവൺമെന്റ് ശ്രദ്ധിച്ചിട്ടുണ്ട്.

(3) <u>റോഡ് നിർമ്മാണം</u>

<u>ശ്രീ. രമേശ് ചെന്നിത്തല</u>: സർ, ആലപ്പുഴ ജില്ലയിലെ ഏറ്റവും പ്രധാനപ്പെട്ട നെടുമുടി-കരുവാറ്റ റോഡിന്റെ കാര്യമാണ് ഈ സബ്മിഷനിലൂടെ ഞാൻ ഉന്നയിക്കുന്നത്. ഹരിപ്പാട്, കുട്ടനാട് മണ്ഡലങ്ങളിലെ കരുവാറ്റ, തകഴി, നെടുമുടി പഞ്ചായത്തുകളെ തമ്മിൽ ബന്ധിപ്പിക്കുന്ന നെടുമുടി - കരുവാറ്റ റോഡിന്റെ നിർമ്മാണം അനന്തമായി നീണ്ടുപോകുകയാണ്. കരുവാറ്റ വഴിയമ്പലം ജംഗ്ഷനിൽനിന്ന് ആരംഭിച്ച് നെടുമുടി - പൂപ്പള്ളി ജംഗ്ഷൻ വരെ എത്തുന്ന റോഡാണിത്. പ്രസ്തുത

റോഡിന്റെ ഭാഗമായി വരുന്ന പാലങ്ങളുടെ നിർമ്മാണ പ്രവർത്തനങ്ങൾ വൈകുന്നത് റോഡിന്റെ പൂർത്തീകരണത്തെയും ബാധിക്കുകയാണ്. പ്രസ്തുത റോഡിന്റെ ഭാഗമായി മൂന്ന് പാലങ്ങളാണ് നിർമ്മിക്കേണ്ടത്. ഹരിപ്പാട് നിയോജകമണ്ഡലത്തിലെ കുറിച്ചിക്കൽ തോടിന് കുറുകെ നിർമ്മിക്കുന്ന പാലത്തിന്റെ നിർമ്മാണം 95 ശതമാനം പൂർത്തീകരിച്ചതാണ്. എന്നാൽ നിർമ്മാണ കമ്പനിയുമായുള്ള എഗ്രിമെന്റ് സർക്കാർ ടെർമിനേറ്റ് ചെയ്തതിനാൽ വർക്കിന്റെ നിർവ്വഹണം തടസ്സപ്പെട്ടിരിക്കുകയാണ്. ഈ വർക്ക് റീ-ടെണ്ടർ ചെയ്തെങ്കിലും അനുമതി ലഭിച്ചിട്ടില്ല. പുതുക്കിയ എസ്റ്റിമേറ്റ് സമർപ്പിക്കുന്നതിനാണ് ഇപ്പോൾ ധനകാര്യ വകുപ്പ് നിർദ്ദേശിച്ചിട്ടുള്ളത്. കൂടാതെ കുറിച്ചിക്കൽ പാലത്തിന് അനുബന്ധമായി നിർമ്മിക്കേണ്ടതും സംസ്ഥാന ബഡ്ജറ്റിൽ ഉൾപ്പെടുന്നതുമായ എൻ.എച്ച് പവർ ഹൗസ് - മുതലകുറിച്ചിക്കൽ റോഡിന്റെ നിർമ്മാണവും ഇതുവരെ ആരംഭിക്കാൻ കഴിഞ്ഞിട്ടില്ല. ഇതിന്റെ നിർവ്വഹണ തടസ്സം മാറ്റുന്നതിന് അടിയന്തരമായി നടപടി സ്വീകരിക്കണം. തകഴിയിൽ നിർമ്മിക്കുന്ന പടഹാരം പാലത്തിന്റെ നിർമ്മാണം പുരോഗമിക്കുകയാണ്. എന്നാൽ ഇതുമായി ബന്ധപ്പെട്ട് കോരൻകുഴി തോടിന്റെ കുറുകെ നിർമ്മിക്കേണ്ട

പാലത്തിന് ഭരണാനുമതി ലഭിച്ചിട്ടില്ല. കോരൻകുഴി പാലത്തിന്റെ നിർമ്മാണത്തിനായി 18.68 കോടി രൂപയുടെ എസ്റ്റിമേറ്റ് സർക്കാരിന്റെ പരിഗണനയിലുണ്ടെങ്കിലും ഭരണാനുമതി ലഭിച്ചിട്ടില്ല. ഈ വർക്കിന് സർക്കാർ അടിയന്തരമായി ഭരണാനുമതി നൽകണം. കുട്ടനാടിനെയും അപ്പർ കുട്ടനാടിനെയും തമ്മിൽ ബന്ധിപ്പിക്കുന്ന ഈ മേഖലയുടെ സമഗ്ര വികസനത്തിന് ഉപകരിക്കുന്ന ഒന്നാണിത്. ടൂറിസം വികസനത്തിനും ഈ റോഡ് ഉപകരിക്കും. ദേശീയപാതയ്ക്ക് സമാന്തരമായി നെടുമുടി - കരുവാറ്റ റോഡ് മാറും. തോട്ടപ്പള്ളി സ്പിൽവേ ഭാഗത്ത് ഗതാഗതം തടസ്സപ്പെടുകയാണെങ്കിൽ എല്ലാ വാഹനങ്ങളും ഇതുവഴി തിരിച്ചുവിടാൻ കഴിയും. നിലവിൽ കരുവാറ്റയിൽനിന്ന് നെടുമുടിയിലെത്താൻ ദേശീയപാതയിലൂടെ കളർകോട് എത്തി എം.സി. റോഡുവഴി 30 കിലോമീറ്ററിലധികം യാത്ര ചെയ്യണം. പുതിയ റോഡ് യാഥാർത്ഥ്യമായാൽ 17 കിലോമീറ്ററായി അത് ചുരുങ്ങും. പ്രസ്തുത റോഡിന്റെയും അനുബന്ധിച്ചുള്ള കുറിച്ചിക്കൽ, പടഹാരം പാലങ്ങളുടെയും നിർമ്മാണം എത്രയുംവേഗം പൂർത്തീകരിക്കുന്നതോടൊപ്പം കോരൻകുഴി പാലത്തിന് എത്രയുംവേഗം ഭരണാനുമതി നൽകുന്നതിന് നടപടി സ്വീകരിക്കണം. കുട്ടനാട് എം.എൽ.എ.

ശ്രീ. തോമസ് കെ. തോമസിനും താല്പര്യമുള്ള കാര്യമാണിത്. ആലപ്പുഴ ജില്ലയുടെതന്നെ വികസനത്തിന് അനിവാര്യമായ കാര്യമായതുകൊണ്ട് ബഹുമാനപ്പെട്ട മന്ത്രി ഇക്കാര്യത്തിൽ അടിയന്തര നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

ശ്രീ. തോമസ് കെ. തോമസ്: സർ, കുട്ടനാട് പ്രദേശത്തെ ഏറ്റവും പ്രയോജനകരമായ പാലങ്ങളാണ് കോരൻകുഴി പാലവും പടഹാരം പാലവും. ഇതുസംബന്ധിച്ച് മാസങ്ങൾക്കുമുമ്പ് മലയാള മനോരമയിൽ വാർത്ത വന്നിരുന്നു. കോരൻകുഴി പാലം നിർമ്മിക്കുന്നതിന് 30 കോടി രൂപയും അനുവദിച്ചിട്ടുണ്ട്. എന്നാൽ അതിനെ സംബന്ധിച്ച വിശദ വിവരങ്ങളൊന്നും ലഭിച്ചിട്ടില്ല. അടിയന്തരമായി ഇക്കാര്യത്തിൽ ഇടപെട്ട് നടപടി സ്വീകരിക്കണമെന്ന് ബഹുമാനപ്പെട്ട മന്ത്രിയോട് അഭ്യർത്ഥിക്കുന്നു.

പൊതുമരാമത്ത്- വിനോദസഞ്ചാര വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്): സർ, ബഹുമാനപ്പെട്ട രമേശ് ചെന്നിത്തല ഉന്നയിച്ചത് വളരെ പ്രധാനപ്പെട്ട വിഷയമാണ്. രണ്ട് മണ്ഡലങ്ങളുമായി ബന്ധപ്പെട്ട പ്രശ്നം മാത്രമല്ല, ആലപ്പുഴ ജില്ലയുടെ പ്രധാന വിഷയമായി ഇതിനെ കണേണ്ടതാണ്. ഒരു റോഡിന്റെ നിർമ്മാണം അനന്തമായി നീളുന്നതും

അതിനോടനുബന്ധിച്ച് മൂന്ന് പാലങ്ങളുടെ നിർമ്മാണ പ്രശ്നവും അടങ്ങിയതാണ്. ഹരിപ്പാട്, കുട്ടനാട് മണ്ഡലങ്ങളിലെ നെടുമുടി - കരുവാറ്റ റോഡിന്റെ നിർമ്മാണം പൂർത്തീകരിക്കുന്നതിനായി മൂന്ന് പ്രധാന പാലങ്ങളാണ് നിർമ്മിക്കേണ്ടത്. ഇതിൽ തകഴി, നെടുമുടി പഞ്ചായത്തുകളെ ബന്ധിപ്പിക്കുന്ന പടഹാരം പാലത്തിന്റെ നിർമ്മാണം ദ്രുതഗതിയിൽ പുരോഗമിച്ചുകൊണ്ടിരിക്കുന്നു. ഈ പാലത്തിന്റെ നിർമ്മാണം ഏകദേശം പകുതിയോളം പൂർത്തിയായിട്ടുണ്ട്. ഇതിനോടനുബന്ധിച്ച് നിർമ്മിക്കേണ്ട കോരൻകുഴി പാലത്തിന്റെ 18.68 കോടി രൂപയുടെ എസ്റ്റിമേറ്റ് ഭരണാനുമതിക്കായി പരിഗണിച്ചിരുന്നെങ്കിലും ബഡ്ജറ്റിൽ ഉൾപ്പെട്ടിട്ടില്ലാത്തതിനാൽ ഭരണാനുമതി നൽകാൻ കഴിഞ്ഞിട്ടില്ല. മുതലകുറിച്ചിക്കൽ പാലത്തിന്റെ നിർമ്മാണം കരാറുകാരന്റെ നഷ്ടോത്തരവാദിത്വത്തിൽ പ്രവൃത്തി അവസാനിപ്പിച്ച് ശേഷിക്കുന്ന പ്രവൃത്തി റീ-ടെണ്ടർ ചെയ്തു. റീ-ടെണ്ടർ ചെയ്ത പ്രവൃത്തിക്ക് ക്വാട്ട് ചെയ്ത തുക വളരെ കൂടുതലായതിനാൽ ടെണ്ടർ ക്യാൻസൽ ചെയ്ത് എസ്റ്റിമേറ്റ് റീകാസ്റ്റ് ചെയ്ത് വീണ്ടും റീ-ടെണ്ടർ ചെയ്യുന്നതിനുവേണ്ട നടപടികൾ സ്വീകരിച്ചുവരുന്നു. പവർഹൗസ്-മുതലക്കുറിച്ചിക്കൽ റോഡിന്റെ ടെണ്ടർ നടത്തിയിരുന്നെങ്കിലും

ആരും പ്രവൃത്തി ഏറ്റെടുത്തിരുന്നില്ല. തുടർന്ന് എസ്റ്റിമേറ്റ് പുതുക്കി സാങ്കേതികാനുമതി നൽകിയപ്പോൾ ആവശ്യമായ സ്ഥലം ഏറ്റെടുത്തശേഷം ടെണ്ടർ നടപടികൾ സ്വീകരിക്കുന്നതിനാണ് അനുമതി നൽകിയത്. ഭൂമി ഏറ്റെടുക്കുന്നതിന് എസ്റ്റിമേറ്റിൽ തുക വകയിരുത്തിയിട്ടുള്ളതും റവന്യൂ വകുപ്പിന്റെ അനുമതി ലഭ്യമായിട്ടുള്ളതുമാണ്. ഇതിന് ജില്ലാ കളക്ടറുമായി ബന്ധപ്പെട്ട് നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. കുട്ടനാട് മണ്ഡലത്തിലെ എം.എൽ.എ.-യും ഇക്കാര്യം ഉന്നയിച്ചിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട കാര്യങ്ങളിൽ അടിയന്തരമായി ഇടപെടാം.

(4) <u>റെയിൽവേ സ്റ്റേഷൻ വികസനം</u>

<u>ശ്രീ. പി. മമ്മിക്കുട്ടി</u>: സർ, ഷൊർണ്ണൂർ റെയിൽവേ സ്റ്റേഷനുമായി ബന്ധപ്പെട്ട് അതിന്റെ പുനർജന്മത്തിനുവേണ്ടി, പുനരുദ്ധാരണത്തിനുവേണ്ടി, അതിന്റെ പഴയ പ്രതാപം വീണ്ടെടുക്കുന്നതിനുവേണ്ടി സംസ്ഥാന സർക്കാർ കേന്ദ്ര സർക്കാരിൽ സമ്മർദ്ദം ചെലുത്തി വിശദമായ ഡി.പി.ആർ. തയ്യാറാക്കി പഴയ പ്രൗഢിയിലേയ്ക്ക് ഷൊർണ്ണൂരിനെ എത്തിക്കണമെന്നാണ് ഈ സബ്മിഷനിലൂടെ ഞാൻ ആവശ്യപ്പെടുന്നത്. പോത്തന്നൂർ മുതൽ ഷൊർണ്ണൂർ വരെയുള്ള റെയിൽപ്പാത 1861-ലാണ് നിലവിൽവന്നത്.

ഷൊർണ്ണൂരിൽനിന്ന് ഫറൂക്ക് വഴി കോഴിക്കോട്ടേയ്ക്കും തുടർന്ന് മംഗലാപുരത്തേയ്ക്കും റെയിൽവേ ലൈൻ നീണ്ടുപോകുന്നത് 1888-ലാണ്. 1904-ലാണ് ഷൊർണ്ണൂരിൽനിന്ന് കൊച്ചിയിലേയ്ക്ക് റെയിൽപ്പാത നിർമ്മിച്ചത്. 1927-ലാണ് ഷൊർണ്ണൂർ - അങ്ങാടിപ്പുറം വഴി നിലമ്പൂരിലേയ്ക്ക് ലൈൻ വ്യാപിപ്പിച്ചത്. ഈ നാല് ലൈനുകൾ വന്നതോടെയാണ് ഷൊർണ്ണൂർ പ്രധാനപ്പെട്ട ജംഗ്ഷനായി മാറിയത്. മലബാറിലേയ്ക്കുള്ള റെയിൽവേ കവാടം എന്നാണ് ഷൊർണ്ണൂർ ജംഗ്ഷനെ പറയുന്നത്. കേരളത്തിലെ ആദ്യത്തെ റെയിൽവേ ജംഗ്ഷനും ഷൊർണ്ണൂർ ആയിരുന്നു. ആയിരക്കണക്കിന് റെയിൽവേ തൊഴിലാളികളുടെ ആവാസ കേന്ദ്രമായിരുന്നു ഷൊർണ്ണൂർ. ദക്ഷിണേന്ത്യയിലെ മികച്ച തീവണ്ടി എഞ്ചിൻ ഷെഡ് (ലോക്കോ ഷെഡ്) ഷൊർണ്ണൂരിലായിരുന്നു പ്രവർത്തിച്ചിരുന്നത്. 1200-ഓളം പേർ ലോക്കോ ഷെഡ്ഡിലും ഗുഡ്സ് യാർഡിലും മറ്റുമായി 1500 പേരും ജോലി എടുത്തിരുന്നു. ഷൊർണ്ണൂരിലെ മൂന്നോളം വാർഡുകളിൽ റെയിൽവേ തൊഴിലാളികളായിരുന്നു. 1982-ൽ തീവണ്ടി എഞ്ചിൻ മാറി ഡീസൽ എഞ്ചിൻ വന്നതോടെ ലോക്കോ ഷെഡ് പൂട്ടപ്പെട്ടു. അതിനുശേഷം ഇപ്പോൾ ഇലക്ട്രിഫിക്കേഷൻ വന്ന് ഇലക്ട്രിക് എഞ്ചിനായി. അതോടെ

നേരത്തെ പ്രവർത്തിച്ചിരുന്ന ലോക്കോ ഷെഡും യാർഡുകളും റെയിൽവേ ലൈനുകളുമൊക്കെ നിലവിലില്ലാത്ത സ്ഥിതിവന്നു. അതുകൊണ്ട് ഈ കാലഘട്ടത്തിൽ പുതിയ രീതിയിലുള്ള റെയിൽ ഓപ്പറേഷൻ സെന്ററായി ഷൊർണ്ണൂരിനെ മാറ്റാനാകണം. കൊങ്കൺ റെയിൽവേ വന്നതോടെ പടിഞ്ഞാറോട്ട് പോകുന്ന ട്രെയിനുകൾ ഷൊർണ്ണൂർ വഴിയാണ് പോകുന്നത്. അതേസമയം തിരുവനന്തപുരത്തുനിന്നും എറണാകുളത്തുനിന്നും ആലപ്പുഴയിൽനിന്നും പാലക്കാട് വഴി പോകുന്ന ദീർഘദൂര ട്രെയിനുകൾ ഷൊർണ്ണൂർ ടച്ച് ചെയ്യുന്നില്ല. അതുകൊണ്ട് ആ ട്രെയിനുകൾകൂടി ഷൊർണ്ണൂർ വഴി പോകുന്നതിന് സൗകര്യപ്രദമായ വിധത്തിൽ ഒരു ട്രയാങ്കുലർ സ്റ്റേഷൻ നിർമ്മിക്കണമെന്നത് വർഷങ്ങളായുള്ള ആവശ്യമാണ്. നൂറ് കണക്കിന് ഏക്കർ സ്ഥലം റെയിൽവേയുടെ കൈവശമുള്ളതിനാൽ ആവശ്യമായ പശ്ചാത്തല സൗകര്യമൊരുക്കാൻ കഴിയും. ആ നിലയിൽ ട്രയാങ്കുലർ സ്റ്റേഷൻ നിർമ്മിച്ച് മലബാറിലെ യാത്രക്കാർക്ക് ആ സൗകര്യം ഉപയോഗപ്പെടുത്താൻ കഴിയുന്ന രീതിയിൽ പുനഃക്രമീകരണം ചെയ്യണം. നൂറ് കണക്കിന് ഏക്കർ സ്ഥലവും സൗകര്യവും മറ്റ് സംവിധാനങ്ങളും ഏഴ് പ്ലാറ്റ്ഫോമുകളുമെല്ലാം നിലവിലുള്ള ഷൊർണ്ണൂരിന്റെ നഷ്ടപ്രതാപം

വീണ്ടെടുക്കാൻ സംസ്ഥാന സർക്കാർ കേന്ദ്രത്തിൽ സമ്മർദ്ദം ചെലുത്തണമെന്നാണ് എനിക്ക് വിനീതമായി അഭ്യർത്ഥിക്കാനുള്ളത്.

കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി (ശ്രീ. വി. അബ്ദുറഹിമാൻ): സർ, ചരിത്രപരവും ഭൂമിശാസ്ത്രപരവുമായ ധാരാളം പ്രത്യേകതകളുള്ള റെയിൽവേ സ്റ്റേഷനാണ് ഷൊർണ്ണൂർ. നോൺ സബർബൻ ഗ്രേഡ് III-ൽ ഉൾപ്പെട്ടതാണ് ഷൊർണ്ണൂർ റെയിൽവേ സ്റ്റേഷൻ. അതായത് ഒരു കോടി ജനങ്ങൾ യാത്ര ചെയ്യുന്ന സ്റ്റേഷൻ എന്നർത്ഥം. അതുകൊണ്ട് പ്രസ്തുത സ്റ്റേഷന് ഈ കാറ്റഗറിയിലുൾപ്പെടുന്ന രീതിയിലുള്ള എല്ലാ അടിസ്ഥാന സൗകര്യങ്ങളും ലഭ്യമാണെന്ന് റെയിൽവേ അറിയിച്ചിട്ടുണ്ട്. അവിടത്തെ പ്ലാറ്റ്ഫോമുകളിൽ ഏഴെണ്ണം ഉയർന്ന ശ്രേണിയിൽപ്പെട്ടതാണ്. അതോടൊപ്പം കോഴിക്കോട് ഭാഗത്തേയ്ക്ക് പോകുന്ന രണ്ട് സ്റ്റേഷനുകളെ ബന്ധിപ്പിക്കുന്ന മേൽപ്പാലം 3.5 കോടി രൂപ ചെലവഴിച്ച് പുതിയതായി നിർമ്മിച്ചുവരുന്നുണ്ട്. മറ്റുള്ള എല്ലാ പ്ലാറ്റ്ഫോമുകളിലും ലിഫ്റ്റ് സൗകര്യം ലഭ്യമാണ്. ആറും ഏഴും പ്ലാറ്റ്ഫോമുകളിൽ 60 ലക്ഷം രൂപ ചെലവിൽ 5 ബേയ്സ് അടങ്ങുന്ന ഇന്ത്യൻ റെയിൽവേ സ്റ്റാൻഡേർഡ് പ്രകാരമുള്ള ക്രമീകരണങ്ങളും നടത്തിവരുന്നു. ജലവിതരണത്തിനായി 1.59 കോടി രൂപ

അനുവദിച്ചിട്ടുണ്ട്. ഇതാണ് അവിടത്തെ നിലവിലുള്ള അടിസ്ഥാന സൗകര്യങ്ങൾ. അതോടൊപ്പം മറ്റുള്ള സീറ്റിംഗ് കപ്പാസിറ്റികൾ, ജനങ്ങൾക്ക് വരാനുള്ള സൗകര്യങ്ങൾ ഇവയെല്ലാം ഗ്രേഡ് III പ്രകാരമാണ് ഏർപ്പെടുത്തിയിട്ടുള്ളത്. ഷൊർണ്ണൂർ റെയിൽവേ സ്റ്റേഷനിൽനിന്ന് എറണാകുളത്തേയ്ക്കുള്ള ട്രിപ്പിൾ ലൈൻ സംവിധാനത്തിന് 1500 കോടി അനുവദിക്കുന്നതിനുള്ള പ്രൊപ്പോസൽ റെയിൽവേയുടെ പരിഗണനയിലാണ്.